# പ്രേമത്തിന്റെ നാനാർത്ഥങ്ങൾ

എം. എൻ. കാരശ്ശേരി



പ്രേമത്തിന്റെ നാനാർത്ഥങ്ങൾ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Love’s Messenger, a painting by Marie Spartali Stillman (1844–1927). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രേമത്തിന്റെ നാനാർത്ഥങ്ങൾ

പ്രേമം ഒരു നിതാന്തപ്രമേയമാകുന്നു: എല്ലാ ഭാഷയിലും എല്ലാ സാഹിത്യത്തിലും എല്ലാ കലാരൂപങ്ങളിലും നാം ആ ഇതിവൃത്തം തന്നെ കാണുന്നു. ഏതു നാട്ടിലും ഇതാണ് കഥ. ഏതു കാലത്തും ഇതാണ് കഥ.

എത്ര പറഞ്ഞിട്ടും എത്ര പാടിയിട്ടും എത്ര ആടിയിട്ടും ആ വിഷയത്തിന് പുതുമ ചോർന്നിട്ടില്ല. ഇനിയുള്ള കാലത്തും സ്ഥിതി ഇതു തന്നെയാവാനാണ് സാധ്യത. മനുഷ്യവംശത്തിന് ഒരിക്കലും മടുക്കാത്ത പ്രമേയം അതൊന്നേയുള്ളു—പ്രേമം.

പ്രേമം ആരംഭിക്കുന്നത് കാമത്തിൽ നിന്നാവാം, അല്ലെങ്കിൽ ഏതവസരത്തിലും പ്രേമത്തിൽ കാമത്തിന്റെ ഒരംശം ഉണ്ടാവാം. ഇണചേരാനുള്ള ജന്മവാസനയുമായി ബന്ധമുണ്ട് എന്നത് പ്രേമത്തിന്റെ മാറ്റു കുറയ്ക്കുന്നില്ല.

കാമത്തിന്റെ മറ്റൊരു പേരോ പര്യായപദമോ അല്ല പ്രേമം. എല്ലാ പ്രേമത്തിലും ഇത്തിരി കാമം കാണാമെങ്കിലും എല്ലാ കാമത്തിലും പ്രേമം കാണില്ല. കാമം മാത്രമായാൽ പ്രേമമാവില്ല. ഒരു ഘട്ടം കഴിഞ്ഞാൽ കാമം ഇല്ലാതെയും പ്രേമം നിലനിൽക്കാം: വേർപെട്ടുപോയ കാമുകിയോടോ, മൺമറഞ്ഞുപോയ കാമുകനോടോ ചില വ്യക്തികൾ ആയുഷ്കാലം മുഴുവൻ പുലർത്തുന്ന പ്രേമം ഉദാഹരണം.


കാമം ഒരു ജന്തു വാസനയാണ്. ആ വികാരത്തിന്റെ ഉദാത്തീകരിച്ച രൂപമാണ് പ്രേമം. മറ്റൊരു വ്യക്തിയോടും കാമം സാധ്യമല്ലാത്തവിധം സ്വന്തം കാമത്തെ സ്നേഹരൂപേണ ഒരാളിൽ മാത്രമായി കേന്ദ്രീകരിക്കുന്നതാണ് പ്രേമം.

അത് പ്രകൃതിയിലുള്ളതല്ല, സംസ്കൃതിയുടെ സൃഷ്ടിയാണ്. ജനജാതികളോ പറവജാതികളോ സസ്യജാലങ്ങളോ പ്രേമിക്കുന്നില്ല, കാമിക്കുന്നേയുള്ളൂ.

എല്ലാ മനുഷ്യരും കാമിക്കുന്നു; ചുരുക്കം മനുഷ്യരേ പ്രേമിക്കുന്നുള്ളൂ. പ്രേമിക്കുന്ന ഒരേയൊരു ജന്തു മനുഷ്യനാണ്.

കാമിക്കാൻ ശരീരം മാത്രം മതി. പ്രേമിക്കാൻ ആത്മാവ് വേണം. ഒരാൾ കാമിക്കുന്നത് ശരീരം കൊണ്ടാണെന്നും പ്രേമിക്കുന്നത് ആത്മാവ് കൊണ്ടാണെന്നും പറയാം. ആത്മാവിന് നിലനിൽക്കാൻ ഒരു ഘട്ടത്തിൽ ശരീരം വേണം എന്നതുപോലെ പ്രേമത്തിന് നിലനിൽക്കാൻ ഒരു ഘട്ടത്തിൽ കാമവും വേണം. ആത്മാവ് ശരീരമല്ലാത്തതുപോലെ പ്രേമം കാമവുമല്ല. ആത്മാവ് നിലനിൽക്കുന്നത് ശരീരത്തിലാണെങ്കിലും ശരീരം നഷ്ടമാവുന്ന കാലത്തും ആത്മാവ് നിലനിൽക്കും. കാമം നഷ്ടമാവുന്ന കാലത്തും പ്രേമം നിലനിൽക്കും.

ശരീരത്തിന്റെ തീവ്രമായ വിശപ്പാണ് കാമം. മനസ്സിന്റെ തീവ്രമായ ദാഹമാണ് സ്നേഹം. ആ പൈദാഹങ്ങൾ ഉരുകിച്ചേർന്ന് ഒറ്റ വികാരമാവുമ്പോഴാണ് പ്രേമം ഉറവെടുക്കുന്നത്. പിന്നെ സ്നേഹം മാത്രമായി കാമത്തെ രൂപാന്തരപ്പെടുത്തുവാൻ പ്രേമം മനുഷ്യമനസ്സിനെ സജ്ജമാക്കുന്നു. അതിലൂടെ ഒരു ജന്തുവാസന സൃഷ്ടിക്കുന്ന പരിമിതി മറികടക്കുവാൻ മനുഷ്യജീവി പ്രാപ്തി നേടുന്നു.


ടോൾസ്റ്റോയി

റഷ്യൻ സംസ്കാരം സൃഷ്ടിച്ചതിലേക്ക് വെച്ച് ഏറ്റവും വലിയ എഴുത്തുകാരനായ ടോൾസ്റ്റോയിയുടെ ഉയിർത്തെഴുന്നേൽപ്പ് എന്ന നോവലിൽ നായകനായ നെഹലുദോവ് കാമുകി കത്യൂഷയെ ആദ്യഘട്ടത്തിൽ ശാരീരികമായി അനുഭവിക്കുന്നതിനെപ്പറ്റി ആലോചിച്ചിരുന്നേയില്ല. ആ സാഹചര്യം ടോൾസ്റ്റോയി വർണിക്കുന്നു: “അവർക്കിടയിലുള്ള പരിചഅവർ തമ്മിലുള്ള പ്രേമമായിരുന്നു.” തുടർന്നു വരുന്ന ഘട്ടത്തിൽ നെഹ്ലുദോവിന് കത്യൂഷയോട് തോന്നിയിരുന്ന പ്രേമം കുറഞ്ഞുപോവുകയും അത് കാമം മാത്രമായി തരം കെടുകയും ചെയ്തു.


അയാൾ അവളെ പിന്നീട് വിസ്മൃതിയിൽ തള്ളിക്കളഞ്ഞു. അവിഹിതഗർഭം പേറേണ്ടിവന്നതുമൂലം ആ പെൺകിടാവ് നേരിട്ട ദുരിതങ്ങളെപ്പറ്റി വർഷങ്ങൾക്കുശേഷം തിരിച്ചറിവുണ്ടായ നെഹ്ലുദോവ് കുറ്റബോധത്തിൽ നീറി പ്രേമത്തിലേക്ക് മടങ്ങിയെത്തി.

കാമത്തിന്റെ പരിമിതികളെ മറികടക്കുവാൻ പ്രേമം മനുഷ്യജീവിയെ പ്രാപ്തമാക്കുന്നതെങ്ങനെ എന്ന് ചിത്രീകരിക്കുകയാണ് ടോൾസ്റ്റോയി.

പല സന്ദർഭങ്ങളിലും പല സാഹചര്യങ്ങളിലും ‘ആത്മീയം’ എന്നുപോലും വിളിക്കാവുന്ന തലത്തിലേക്ക് പ്രേമം വളരുന്നതിന്റെ അടിസ്ഥാനം ഇതാണ്. തീർത്തും ഭൗതികതലത്തിലുള്ള ഒരാവശ്യത്തെ ആത്മീയതലത്തിലുള്ള ഒരനുഭൂതിയാക്കി പ്രേമം ഉയർത്തിയെടുക്കുന്നു.

കാമം ഭൗതികമാണ്; പ്രേമം ആത്മീയവും. പാർസി ഭാഷയിലെ സൂഫിക്കവിതകളിൽ ആദ്ധ്യാത്മികാനുഭൂതിയുടെ രൂപകമായി സ്ത്രീപുരുഷപ്രണയം പിന്നെയും പിന്നെയും പുറപ്പെട്ടുവന്നതിന്റെ പൊരുൾ ഇതായിരിക്കണം.

പ്രണയം പോലെ അത്രയും ശക്തമായ മറ്റൊരു വികാരവുമില്ല. അത് മനുഷ്യജീവികളെ ധീരരും ത്യാഗികളും ആക്കി വളർത്തിയെടുക്കുന്നു; മറ്റൊരു മനുഷ്യജീവിക്ക് വേണ്ടി ജീവിക്കുവാനും മരിക്കുവാനുമുള്ള സന്നദ്ധതയിലേക്ക് വഴികാണിക്കുന്നു. രാഷ്ട്രീയമോ, സാമ്പത്തികമോ, സംസ്കാരികമോ, സാമൂഹ്യമോ ആയ ഏത് വിപ്ലവത്തിന്റെ ബീജവും പ്രണയത്തിന്റെ വെള്ളവും വെളിച്ചവും നേടി തെഴുക്കുന്നതായിട്ട് എഴുത്തുകാർ തുടരെത്തുടരെ ചിത്രീകരിച്ചുകാണുന്നതിന്റെ സാരാംശവും അതാണ്.


ഒക്ടേവിയോ പാസ്

മുതലാളിയുടെ മകൾ തൊഴിലാളിയെ പ്രേമിക്കുന്ന കഥയിൽ, സ്ത്രീപുരുഷ ബന്ധത്തിന്റെ മനോഹാരിതയ്ക്കൊപ്പം ഒരു സാമ്പത്തികഘടന മാറ്റിപ്പണിയുന്നതിന്റെ രാഷ്ട്രീയപ്രവർത്തനം ഉള്ളടങ്ങിക്കിടപ്പുണ്ട്; ‘മേൽ’ജാതിക്കാരി ‘കീഴ്’ജാതിക്കാരനെ പ്രേമിക്കുന്ന കഥയിൽ ഒരു സാമൂഹ്യഘടന പൊളിച്ചെഴുതുന്ന സാംസ്കാരികപ്രവർത്തനം ഉയിരെടുക്കുന്നുണ്ട്.

പ്രശസ്ത കവി ഒക്ടേവിയോ പാസ് പാടുന്നു: “പ്രണയം കലാപമാണ്. രണ്ടുപേർ ചുംബിക്കുമ്പോൾ ലോകം കീഴ്മേൽ മറിയുന്നു”

മലയാളം ന്യൂസ്: 18 മാർച്ച് 2001.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014